Mr. T. M. Krishna Menon.—Vide the statement appended. (*Appendix III.*)

172. മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഫ്ലവർ-ൽ കൃഷിവായ്പക്കെത്ര കൊടുത്തിട്ടുണ്ടെന്നും ടി വകക്ക കുടിക്കടം സ്ട്ടിഫിക്കെറ്റിന്നും മറ്റുമായി എത്ര സംഖ്യ വസൂലായിട്ടുണ്ടെന്നും ഗവ മ്മെണ്ട ദയവായി പറയാമൊ?

മിസ്റ്റർ ടി. എം. കൃഷ്ണമേനോൻ.—ഫ്ലവർ-ൽ ഇതേവരെയായി ൨൨,൩൪൪ ക. കൊടുത്തിട്ടുണ്ട്. കുടിക്കടം സ്ട്ടിഫിക്കെറ്റുവകക്ക ൨൪൦ ക. യോളം വസൂൽചെയ്തിട്ടുണ്ട്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—കൃഷിവായ്പ കൊടുക്കുന്നതു തിരുനാൾ പ്രമാണിച്ചു വെച്ചിട്ടുള്ള സംഖ്യയിൽനിന്നൊ വേറെവല്ല സംഖ്യയിൽനിന്നൊ?

Mr. T. M. Krishna Menon.—From both.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—തിരിച്ചു കണക്കില്ലെ?

മിസ്റ്റർ ടി. എം. കൃഷ്ണമേനോൻ.—ഇല്ല.

173. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) തിരുനാൾ പ്രമാണിച്ചു കൃഷിവായ്പകൾക്കായി നീക്കിവെച്ചിട്ടുള്ള ഒരു ലക്ഷം ഉറുപ്പികയിൽ നിന്നു കൊടുങ്ങല്ലൂക്ക വീതിച്ചിട്ടുള്ളതു എത്രയാണെന്നു അറിയിക്കുവാൻ ദയവുണ്ടാകുമൊ;

(b) അതു ആക്കെല്ലാമാണൊ കൊടുത്തതെന്നു തുക സഹിതം പറയാമൊ?

മിസ്റ്റർ ടി. എം. കൃഷ്ണമേനോൻ.—(a) തിരുനാൾ പ്രമാണിച്ചു അനുവദിച്ചിട്ടുള്ള സംഖ്യയിൽനിന്നു ഒന്നുംതന്നെ നീക്കിവെച്ചിട്ടില്ല. പക്ഷെ കൊടുങ്ങല്ലൂർ താലൂക്കിലേക്കു പ്രത്യേകമായി ൩,൦൦൦ ക. അനുവദിച്ചിട്ടുണ്ടു.

(b) താഴെപറയുന്നവക്കു അവരവരുടെ പേരിനു എതിരായി ചേർത്തിട്ടുള്ള സംഖ്യ തക്കതായ ജാമ്മ്യത്തിന്മേൽ കൊടുപ്പാൻ മാത്രം ഇപ്പോൾ ഉത്തരവുകൊടുത്തിട്ടുണ്ടു.

	ക.
൧. തേപറമ്പിൽ മീമാവുണ്ണി അബ്ദുൽകാദർ മുതൽപേർ	൪൦൦
൨. പുല്ലറപാടത്തു ഇച്ചി പാറുക്കുട്ടിഅമ്മ	—൩൦൦
൩. നാളിയാട്ട പുത്തൻവീട്ടിൽ കല്ല്യാണി നാനിക്കുട്ടിഅമ്മ	൨൦൦

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—മുപ്പായിരത്തിൽ ആയിരമെ കൊടുത്തു കാണുന്നുള്ളു, വേറെ അപേക്ഷക്കാർ ഉണ്ടായിരുന്നുവൊ?

Mr. T. M. Krishna Menon.—No. In the other cases the security offered was not satisfactory. I myself went into the question.

LIBRARY ARCHIVES Kerala Legislative Assembly